

INDIAN CATHOLIC COMMUNITY

Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 06991196677 1

ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



ICC Bulletin Vol. 11. 1 www.iccvienna.org February-March 2016

# Message of the Chaplain

നോമ്പുകാലം നമ്മെ അനുതാപത്തിലേയ്ക്ക് മാടിവിളിക്കുന്നു. അനുതപിക്കുന്നവരെ കരുണകൊണ്ട് പുതപ്പിച്ച് അവരുടെ മുറിവുകളിൽ സ്നേഹവാത്സല്യത്തിന്റെ തൈലംപൂശി സൗഖ്യം നൽകണമെന്ന് ഫ്രാൻസീസ് മാർപ്പാപ്പ ആഹ്വാനം ചെയ്യുന്നു. ഇതുതന്നെയാണ് ഈശോയുടെ അജപാലന കാഴ്ചപ്പാട്. അനുതാപം ആവശ്യമില്ലാത്ത നീതിമാന്മാരേക്കാൾ അനുതപിക്കുന്ന ഒരു പാപിയ്ക്ക് സ്നേഹവും, ശ്രദ്ധയും, കരുതലും നൽകുമ്പോൾ ഭൂമിയും, സ്വർഗ്ഗവും സന്തോഷിക്കുന്നു. ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യനെക്കൊണ്ടാവശ്യം. ഭക്തിയുടെ അനുഷ്ഠാന പ്രളയത്തേക്കാൾ വിശുദ്ധ കൂദാശകളിലൂടെ ലഭിക്കുന്ന ദൈവകൃപയുടെ കാരുണ്യ പ്രവാഹമാണ് മനുഷ്യന് നിലനിൽക്കുന്ന സൗഖ്യവും, ജീവസമൃദ്ധിയും, നിത്യരക്ഷയും നൽകുന്നത്. ആയതിനാൽ ബലിയല്ല, കരുണയാണ് താൻ ആഗ്രഹിക്കുന്നതെന്നും, ദൈവപിതാവിനെപ്പോലെ നമ്മളും സകലരോടും കരുണയുള്ളവരായിരിക്കണമെന്നും ഈശോ ആഗ്രഹിക്കുന്നു.

‘‘അനുതപിക്കുക’’ എന്നുള്ളതാണല്ലോ നോമ്പുകാലത്തെ ഒരു പ്രധാന വിചിന്തന വിഷയം. നമ്മുടെ ജീവിതത്തിന്റെ ആത്മീയവും, ധാർമ്മീകവുമായ അവസ്ഥ എങ്ങനെയെന്ന് മനസ്സിലാക്കുക. നവീകരിക്കേണ്ട മേഖലകളും, ശക്തിപ്പെടുത്തേണ്ട വ്യക്തിബന്ധങ്ങളും, ഉത്തേജിപ്പിക്കേണ്ട ഈശ്വരോന്മുഖതയും, ഹൃദയനാഥനായ ഈശോയോടുള്ള ആത്മബന്ധത്തിന്റെ ഗുണനിലവാരവും എങ്ങനെയെന്ന് വിവേചിച്ചറിയുക. സ്വന്തം ഹൃദയവും, സ്വന്തം കുടുംബവും, സ്വന്തം ഇടവകയും തന്റെ പൈതൃകവിശ്വാസത്തിന്റെ പോഷക വേദിയാണെന്ന സ്വത്വബോധമുണർത്തി സമഗ്രമായ ഒരു അസ്ഥിത്വ നവീകരണം പരിശുദ്ധാത്മാവിന്റെ അഭിഷേകശക്തിയാൽ സാദ്ധ്യമാക്കുക. ഇതാണ് അനുതാപത്തിന്റെ യുക്തമായ ഒരു പ്രായോഗീക മാർഗ്ഗം. സത്യവിശ്വാസത്തിന്റെ സ്വത്വപൈതൃകബോധം ആത്മാവിൽ അലിഞ്ഞുചേർന്നിരിക്കുന്നവരുടെ ഹൃദയവിശാലതയും, മാനവീകതയും, സാർവ്വത്രീകതയും ക്രിസ്തീയതയുടെ ശക്തമായ ഭാവങ്ങളാണ്. എന്നാൽ സ്വത്വബോധം നഷ്ടപ്പെട്ട പറവകളുടെ ലക്ഷണങ്ങളാണ് അപകർഷതാബോധവും, ഭയവും, മന്ദതയും.

യൂറോപ്പിൽ അതിവേഗം ക്ഷയിച്ചുകൊണ്ടിരിക്കുന്ന അപ്പസ്തോലിക വിശ്വാസം നമ്മുടെ ഹൃദയങ്ങളിലും കുടുംബങ്ങളിലുംനിന്ന് മങ്ങിപ്പോകാതിരിക്കാനുള്ള ഉൾക്കാഴ്ചയും കരുതലും ശ്രദ്ധയും നമുക്കുണ്ടാകണം. ആ വിശ്വാസത്തെ കലർപ്പില്ലാതെ നമ്മുടെ തലമുറകളിലേക്ക് പകർന്ന് കൊടുക്കാനുള്ള ഇച്ഛാശക്തിയും, മനക്കരുത്തും, സന്മനസ്സും ഉള്ള പ്രേഷിതരായ മാതാപിതാക്കളാണ് യൂറോപ്പിലെ സഭയുടെ അമൂല്യമായ സമ്പത്ത്. നമ്മുടെ മലയാളി ഇടവകയിലെ മാതാപിതാക്കളിൽ ശ്ലൈഹീക വിശ്വാസത്തിന്റെ കൃപാശക്തി ഉണർത്തുവാൻ ദൈവം നമുക്ക് നൽകിയിരിക്കുന്ന നമ്മുടെ സ്വന്തം കുടുംബത്തിന്റേയും ഇടവകയുടേയും കൂട്ടായ്മാ വേദികളെ നമുക്ക് ഏറ്റവും ഫലപ്രദമായി ഉപയോഗിക്കാം.

അമേരിക്കയിലെ പ്രവാസി മലയാളികളുടെ സഭാജീവിതത്തോടുള്ള തീഷ്ണതയും ഇടവകബോധവും അടുത്തറിയാൻ സാധിച്ച ബഹുമാനപ്പെട്ട ടോമി തറയിൽ അച്ചൻ ഇപ്രകാരം അഭിപ്രായപ്പെടുന്നു: അവരുടെ ആവേശം കണ്ടപ്പോൾ ചോദിക്കാതിരിക്കാനായില്ല. ഏതെങ്കിലും ഒരു കത്തോലിക്കാപള്ളിയിൽ പോയാൽ പോരെ? എന്തിന് ഇവിടെത്തന്നെ വരുന്നു? ചില മാതാപിതാക്കളുടെ മറുപടി ഉൾക്കാഴ്ച നൽകുന്നതായിരുന്നു. ഞങ്ങളുടെ ഒരു തലമുറയ്ക്ക് അവരുടെ മക്കളെ നഷ്ടപ്പെട്ടുപോയതിന്റെ കാരണം സ്വന്തം നാടും ആചാരങ്ങളും കുടുംബ മൂല്യങ്ങളും ശരിയായി മനസ്സിലാക്കാനുള്ള ഒരു പശ്ചാത്തലം അവർക്കില്ലായിരുന്നതുകൊണ്ടാണ്. ഇപ്പോൾ ഞങ്ങൾക്ക് ലഭിച്ചിരിക്കുന്നത് കേവലം ആരാധനയ്ക്കുള്ള ഇടം മാത്രമല്ല, ഞങ്ങളുടെ മക്കൾക്ക് അവരുടെ സമൂഹത്തെ അടുത്തറിയുവാനുള്ള അവസരം കൂടിയാണ്... സ്വന്തം വേരുകളെക്കുറിച്ചുള്ള അവബോധവും സ്വന്തം സമുദായത്തോടുള്ള ബന്ധവും വ്യക്തികളെ എങ്ങനെ ശാക്തീകരിക്കുന്നുവെന്നതിന്റെ ദൃഷ്ടാന്തമാണിതെന്ന് ടോമിയച്ചൻ സാക്ഷ്യപ്പെടുത്തുന്നു.

ആകയാൽ ഇക്കഴിഞ്ഞ ഇടവക ബുള്ളറ്റിനിൽ സൂചിപ്പിച്ച ഏറ്റവും പ്രസക്തമായ കാര്യം ഒരിക്കൽക്കുടി ഓർമ്മിപ്പിക്കുന്നു: ഞായറാഴ്ചകളിൽ നമ്മളും, നമ്മുടെ കുടുംബാംഗങ്ങളും എതെങ്കിലും പള്ളിയിൽപോയി വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുകമാത്രം ചെയ്താൽ നമ്മുടെ

ഉത്തരവാദിത്ത്വം പൂർണ്ണമാകില്ല. നമ്മെയും നമ്മുടെ കുടുംബങ്ങളേയും കർത്താവായ യേശുവിന്റെ ഹൃദയമാകുന്ന നമ്മുടെ സ്വന്തം ഇടവകയുടെ വിശുദ്ധ മദ്ബഹായിലെ ബലിപീഠവുമായി ബന്ധിപ്പിക്കണം. നമ്മുടെ പൈതൃക ആരാധന സംസ്ക്കാരത്തിലൂടെ ലഭിക്കുന്ന കൃപയുടെ ഊർജ്ജം നേടണം. അത് നമ്മുടെ രക്തബന്ധങ്ങളിൽ നിന്നുവരുന്ന മിനിമം പത്ത് തലമുറകൾക്കെങ്കിലും പകർന്ന് നൽകുമെന്ന വിശ്വാസബോദ്ധ്യത്തോടെ ജീവിക്കണം.

ഈ സമ്പന്നമായ പ്രേഷിതദൗത്യം ഏറ്റെടുത്ത് സ്വന്തം ജീവിത പങ്കാളിയേയും, മക്കളേയും, ബന്ധുക്കളേയും, സഹപ്രവർത്തകരേയും നമ്മുടെ സ്വന്തം മലയാളി ഇടവകയുടെ ഹൃദയമാകുന്ന വിശുദ്ധ ബലിപീഠവുമായി ബന്ധിപ്പിക്കുവാൻ നമ്മുടെ ഇടവകയിലെ മാതൃശക്തി ഉണരട്ടെ. നമ്മുടെ ഇടവകയിലെ 652 അമ്മമാർ അഭിഷേക ചൈതന്യത്തോടെ, വചനം മാംസമായി കൗദാശീകമായി നമ്മുടെ മലയാളി സംസ്ക്കാരത്തിൽ അവതരിച്ചുകൊണ്ടിരിക്കുന്ന ഈശോയ്ക്കുവേണ്ടി പ്രേഷിതരായിത്തീരട്ടെ.

സ്നേഹാശംസകളോടെ,

P. Thomas Thandappilly CST, ICC Chaplain. P. Joy Plathottathil SVD, ICC Assistant Chaplain

## <u>Please note the following Events of the ICC</u>

1.Syro Malabar Qurbana in German Language in Meidling: 13. März, 10.April, 8. Mai, 12. Juni, 11. Sept., 9. Okt., 13.Nov. 2016
2. Syro Malabar Qurbana in German Language in Stadlau: 21.Februar, 3 . April, 22. Mai, 26. Juni, 18. Sept., 16.Okt., 20.Nov. 2016

3. ICC Parish Committee Meeting at 20.00hrs Meidling Pfarrhof
4. Marriage Preparation Course: 25th, 26th, 27th Feb. Meidling Pfarrhof, from 2. 00PM to 6.00PM
5. Laity Representative Plenary Council open to all ICC registered members: 28th Feb. at 18.50 in Stadlau
6. Kids Liturgy: 28th Feb in Meidling at 11.30 and Stadlau 17. 30.
7. First Friday Mass and Adoration: on 4th March from 7.00Pm to 8.30Pm in Stadlau Kapelle.
8. Confession for Catechism children on 13th March on Sunday at 10.30 in Meidling, at 16. 30 in Stadlau.

9. Annual Retreat by Fr. Bobby Katticadu OfmCap: **in Kapelle Stadlau**

16th March Wednesday from 9 to 17. 30
17th Thursday from 9 to 19th hrs
18th Friday 9 to 19th hrs, day for Confession
19th Saturday 9 to 16. 30 hrs. Closing of the Retreat

Registration Fee € 10,- for every Participant of the Retreat except for children and minor Youth.

10. Holy Week Liturgy in Meidling: Palm Sunday at 3.00Pm;
Maundy Thursday at 2 Pm;
Good Friday at 9.30 Am;
Holy Saturday at 8 Am;

**EASTER SUNDAY LITURGY 3.00 Pm in Maria Lourdes Meidling.**

11. Youth Festival: Music, Fancy Dress etc. on 28th March from 13.00hrs onwards Pfarrsaal Stadlau Kapelle
12. First Friday Mass and Adoration: on 1st April from 7.00 Pm to 8. 30 Pm in Stadlau Kapelle
13. Painting Competition: 2nd April in Kairali Nikethan School.
14. ICC Catechism Teachers Klausur: 9th April in Stadlau Kapelle Pfarrsaal, from 10. 00 Am onwards

15. ICC First Communion on 1st May at 11. 30 hrs in Maria Lourdes Meidling.
16. ICC Confirmation – Firmung – on 15th May at 11. 30 hrs in Maria Lourdes Meidling.
17. ICC Community Day Celebrations with Procession on 19th June at 15.00hrs in Meidling.

*Verleger : Steephen Chevookaran, Media & Communications for the Indian Catholic Community*